# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>പരമ്പരാഗത ജലസ്രോതസ്സുകൾ</u>
<u>സംരക്ഷിക്കുന്നതിന് പദ്ധതി</u>

847

ശ്രീ. എം. ഉമ്മർ
,, എൻ. എ. നെല്ലിക്കുന്ന്
,, സി. മോയിൻകുട്ടി
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ, പൊതുകിണറുകൾ, തടാകങ്ങൾ, ഉറവകൾ എന്നിവ മാലിന്യ നിക്ഷേപ കേന്ദ്രങ്ങളായി മാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ഉണ്ടാകുന്ന ആരോഗ്യ പരിസ്ഥിതി പ്രശ്നങ്ങൾ ഗൗരവപൂർവ്വം പരിശോധിക്കുമോ;

(സി) വരൾച്ച കണക്കിലെടുത്ത് പൊതുകിണറുകളും കുളങ്ങളും തടാകങ്ങളും ശുചീകരിച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി സംരക്ഷിക്കുന്നതിന് പൊതുജന തദ്ദേശഭരണസ്ഥാപന പങ്കാളിത്തത്തോടെയുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>വികസന പദ്ധതികൾ</u>

848 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ജലവിഭവ വകുപ്പ് എന്തൊക്കെ വികസന പദ്ധതികളാണ് അരൂർ മണ്ഡലത്തിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുളളത്;

(ബി) ഓരോ പദ്ധതിക്കും എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതികളുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾ എന്നേക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

നദീഅതോറിട്ടികൾ രൂപീകരിക്കാനുള്ളത്

849 ശ്രീ. സി. പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികൾക്കായി അതോറിട്ടികൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>പമ്പാ ആക്ഷൻ പ്ലാൻ</u>

850 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പമ്പാ ആക്ഷൻ പ്ലാനിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) ഇതുപ്രകാരം ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദവിവരം നൽകുമോ;

(സി) പദ്ധതി പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>നബാർഡിന്റെ ആർ. ഐ. ഡി. എഫ് -17 ഫണ്ട്</u>

851 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ആർ. ഐ. ഡി. എഫ്. -17 സ്കീമിൽ ഉൾപ്പെടുത്തിയ കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം നല്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

2012 -13 ബഡ്ജറ്റിൽ ജലവിഭവവകുപ്പിന്
വകയിരുത്തിയിരുന്ന തുക

852 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 -13 ബഡ്ജറ്റിൽ ജലവിഭവ വകുപ്പിനു കീഴിൽ ഓരോ ശീർഷകത്തിലും വകയിരുത്തിയ പദ്ധതി-പദ്ധതിയേതര തുകയും ഇതുവരെ ഖജനാവിൽ നിന്ന് ചെലഴിച്ച തുകയുടെ പട്ടികയും നൽകാമോ;

(ബി) 2012-13 വർഷം ജലവിഭവവകുപ്പിന് അനുവദിച്ച കേന്ദ്രവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണ്;

(സി) ഓരോന്നിനും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

കേരള വാട്ടർ അതോറിറ്റിക്ക് അനുവദിച്ച
നോൺ പ്ലാൻ ഗ്രാന്റ്

853 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിക്ക് 2010-11, 2011-12 വർഷങ്ങളിൽ അനുവദിച്ച നോൺ പ്ലാൻ ഗ്രാന്റ് എത്രയെന്ന് അറിയിക്കാമോ ;

(ബി) കേരള വാട്ടർ അതോറിറ്റിയുടെ തനതാണ്ടത്തെ റവന്യൂ വരുമാനത്തിന്റെയും ചെലവിന്റെയും വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) കൊല്ലം ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജനപ്രതിനിധികൾ കൂടി എടുത്ത തീരുമാനങ്ങളിൽ എന്തു നടപടി സ്വീകരിച്ചു?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>മൈനർ ഇറിഗേഷൻ വാട്ടർ ബോഡീസിനുള്ള ബഡ്ജറ്റ് വിഹിതം</u>

854 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 13-ാം ധനകാര്യ കമ്മീഷൻ മൈനർ ഇറിഗേഷനിലെ വാട്ടർ ബോഡീസിനുവേണ്ടി 2011-12 ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന തുക എത്രയാണ്;

(ബി) ഇതിൽ എന്തുതുക ചെലവഴിച്ചു; തുക പൂർണ്ണമായി ചെലവഴിച്ചില്ലായെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്ന പ്രോജക്ടുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

പമ്പാ ആക്ഷൻ പ്ലാൻ

855 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പമ്പാ ആക്ഷൻ പ്ലാൻ നടപ്പാക്കുന്നതിന് ഒന്നാം ഘട്ടത്തിനായി എത്ര തുക അനുവദിച്ചിട്ടുള്ളത്;

(ബി) ഈ തുകയുപയോഗിച്ച് എന്തൊക്കെ പ്രവൃത്തികൾ ചെയ്യാനാണ് അനുമതി ലഭിച്ചിരുന്നത് എന്നും ഓരോ പ്രവൃത്തിയുടെയും പേരും തുകയും സഹിതം വ്യക്തമാക്കുമോ;

(സി) ഇവയുടെ നിർമ്മാണം ഏതെല്ലാം ഏജൻസികൾക്കാണെന്ന് വിശദമാക്കുമോ;

(ഡി) ഇവയിൽ നിർമ്മാണം പൂർത്തിയാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണ്;

(ഇ) ഇനി നിർമ്മാണം പൂർത്തിയാക്കാനുള്ളവ ഏതെല്ലാം;

(എഫ്) നിർമ്മാണം ഇനിയും ആരംഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാം;

(ജി) നിർമ്മാണം പൂർത്തിയാക്കാതിരിക്കുകയോ, ആരംഭിക്കാതിരിക്കുകയോ ചെയ്തതിന്റെ കാരണം വിശദമാക്കാമോ;

(എച്ച്) സന്നിധാനത്തും, പമ്പയിലും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാനുകൾ സ്ഥാപിക്കാൻ എന്നാണ് അനുമതി ലഭിച്ചത്;

(ഐ) പ്രസ്തുത പ്ലാന്റിന്റെ നിർമ്മാണം ആരംഭിച്ചോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ജെ) പൊതുജന ബോധവൽക്കരണ പരിപാടിൾക്കായി എത്ര രൂപയാണ് പദ്ധതിയിലുണ്ടായിരുന്നത്; ഈ തുക മുഴുവൻ ചെലവഴിച്ചോ;

(കെ) ഏതൊക്കെ തരത്തിലുള്ള ബോധവൽക്കരണ പരിപാടികളാണ് നടത്തിയിട്ടുള്ളത്; ഏത് ഏജൻസി

മുഖേനയാണ് ഇത് നടത്തിയിട്ടുള്ളത്; ഓരോന്നിനും ചെലവഴിച്ച തുക എത്ര; വിശദമാക്കാമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>പമ്പാ റിവർ അതോറിറ്റിയുടെ പ്രവർത്തനം</u>

856 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പമ്പാ റിവർ അതോറിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച വിശദവിവരം നൽകുമോ;

(ബി) പമ്പാനദിയുമായി ബന്ധപ്പെട്ടുള്ള തീർത്ഥാടനം, സമ്മേളനം എന്നിവയുടെ സുഗമമായ പ്രവർത്തനത്തിനായി അതോറിറ്റി ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഇവയിൽ ഏതൊക്കെ പദ്ധതികൾ പൂർത്തിയായി; ഇനി ഏതെല്ലാം പൂർത്തിയാകാനുണ്ട്;

(ഡി) ഇനി ഏതൊക്കെ പ്രവർത്തനങ്ങളാണ് പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ജലത്തിന്റെ ഗുണമേന്മ</u>

857 ശ്രീ. റ്റി. എൻ. പ്രതാപൻ
,, അൻവർ സാദത്ത്
,, ആർ. സെൽവരാജ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനമൊട്ടാകെ ജലത്തിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം കാര്യങ്ങളാണ് ജല പരിശോധനയിലൂടെ കണ്ടെത്താൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇങ്ങനെ കണ്ടെത്തുന്ന ജലത്തിലെ ദോഷകരമായ രാസപദാർത്ഥങ്ങൾ ശുദ്ധീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കുടിവെള്ളത്തിന്റെ ഗുണമേന്മ</u>

858 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടാങ്കറുകളിൽ കൊണ്ടുവന്നുവിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണമേന്മ പരിശോധിക്കാൻ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഭക്ഷ്യസുരക്ഷാ ലാബിൽ പരിശോധിച്ച രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ടാങ്കറുകളിൽ സൂക്ഷിക്കാറുണ്ടോ;

(സി) ഏത് സ്രോതസ്സിൽ നിന്നാണ് കുടിവെള്ളം ശേഖരിച്ചതെന്ന് വ്യക്തമാക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) സോഡാ കമ്പനികൾക്ക് എന്തെല്ലാം നിബന്ധനകൾ ബാധകമാണ്; ഇവ പരിശോധിക്കപ്പെടുന്നുണ്ടോ; നിബന്ധന പാലിക്കാത്തവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ടാങ്കർ ലോറിയിൽ കൊണ്ടുവരുന്ന കുടിവെള്ളത്തിന്റെ ഗുണമേന്മ</u>

859 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ടാങ്കർ ലോറിയിൽ കെണ്ടുവന്നു വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>ശുദ്ധജല ലഭ്യത ഉറപ്പ് വരുത്തുവാൻ നടപടി</u>

860 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കടുത്ത വരൾച്ചയുണ്ടാകുമെന്ന മുന്നറിയിപ്പിനെ തുടർന്ന് ശുദ്ധജല ലഭ്യത ഉറപ്പ് വരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) കിണറുകൾ, കുളങ്ങൾ, തടാകങ്ങൾ എന്നിവ വൃത്തിയാക്കുന്നതിനും, പുതിയവ നിർമ്മിക്കുന്നതിനും പദ്ധതികളാവിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) രാജീവ് ഗാന്ധി കുടിനീർ പദ്ധതിയിൻ കീഴിൽ കുഴൽ കിണൽ നിർമ്മാണത്തിന് അനുമതി നൽകുന്നുണ്ടോ?

**കേരള നിയമസഭ**
**07.02.2013-ലെ മറുപടിക്ക്**

കുടിവെള്ളത്തിന്റെ ലഭ്യതയും, ശുദ്ധിയും ഉറപ്പ്വരുത്തുന്നതിന് നടപടി

861 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വരൾച്ച നേരിടുന്ന സാഹചര്യത്തിൽ കുടിവെള്ളത്തിന്റെ ലഭ്യതയും, ശുദ്ധിയും ഉറപ്പുവരുത്തുന്നതിന് ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളും, വെള്ളം എടുക്കുന്ന ജലസ്രോതസ്സുകളും പരിശോധനയ്ക്ക് വിധേയമാക്കി സർട്ടിഫിക്കറ്റ് നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കുടിവെള്ള ക്ഷാമം</u>

862 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല സ്ഥലങ്ങളിലും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കുന്നത്;

(സി) വറ്റികൊണ്ടിരിക്കുന്ന ജലസ്രോതസ്സുകളെ സംരക്ഷിക്കാൻ കൃത്രിമ മഴ പെയ്യിക്കുന്നതുൾപ്പെടെയുള്ള പദ്ധതികൾ പരിഗണിക്കുമോ;

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കുടിവെള്ളപ്രശ്നം പരിഹരിക്കാൻ പദ്ധതികൾ</u>

863 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ രൂക്ഷമായ കുടിവെള്ളപ്രശ്നം പരിഹരിക്കാൻ ജല അതോറിറ്റിമുഖേന എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) മഴക്കാലത്ത് വേണ്ടത്ര ജലസംഭരണം നടത്താത്തതിനാൽ വേനൽക്കാലത്തെ ജലദൗർലഭ്യം, സ്വകാര്യ വെള്ള കമ്പനികൾക്ക് വൻലാഭമുണ്ടാക്കുന്നതിന് കാരണമാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൊതു ജലവിതരണത്തിനായി രൂപീകരിച്ച കമ്പനി മുഖേനയാണോ - ജലഅതോറിറ്റിവഴിതന്നെയാണോ ഭാവിയിൽ ജലവിതരണം നടത്തുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

വാട്ടർ അതോറിറ്റിയുടെ കമ്പനിവത്ക്കരണം

864 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയെ കമ്പനിവത്ക്കരിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നുണ്ടോ; എങ്കിൽ എന്തു കാരണത്താലാണ് കമ്പനിവത്ക്കരണം വേണ്ടിവരുന്നതെന്നു വ്യക്തമാക്കുമോ;

(ബി) കമ്പനിവത്ക്കരണം മൂലം ഉപഭോക്താക്കൾക്കോ, ജീവനക്കാർക്കോ, വാട്ടർ അതോറിറ്റിക്കോ ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കുടിവെള്ളത്തിന്റെ സ്വകാര്യവത്കരണം</u>

865 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഡ്രിങ്കിങ്ങ് വാട്ടർ സപ്ലൈ കമ്പനി ലിമിറ്റിഡിന്റെ ഓഹരി ഘടനയും പ്രവർത്തനമേഖലയും ഏതെല്ലമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കമ്പനിക്കാവശ്യമായ ജലം എവിടെ നിന്ന്, എത്രമാത്രം ഉപയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ നദികളും ഭൂഗർഭജലവും ശുദ്ധജലതടാകങ്ങളും കുളങ്ങളും മറ്റു ജലസ്രോതസ്സുകളിൽ നിന്നും ജലം ഊറ്റാൻ പ്രസ്തുത കമ്പനിക്ക് അനുവാദം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഡി) പ്രകൃതി സമ്പത്തായ ജലം ഒരു വില്പനച്ചരക്കാക്കി സ്വകാര്യവൽക്കരിക്കാനുള്ള നയമാണോ പ്രസ്തുത കമ്പനിയിലൂടെ ഉദ്ദേശിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>കുടിവെള്ളത്തിന്റെ സ്വകാര്യവത്ക്കരണം</u>

866 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ളവിതരണത്തിനായി 51% ഓഹരി സ്വകാര്യ മേഖലയ്ക്ക് നൽകിക്കൊണ്ടുള്ള കമ്പനി രൂപീകരിച്ച് ഉത്തരവിറങ്ങിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത കമ്പനി ഏതൊക്കെ മേഖലകളിൽ എപ്പോഴാണ് ജലവിതരണം ആരംഭിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) സ്വകാര്യമേഖലയ്ക്ക് കൂടുതൽ ഓഹരികൾ നൽകുക വഴി കുടിവെള്ളത്തിന്റെ വില നിശ്ചയിക്കാനുള്ള അധികാരം സർക്കാരിൽ നിന്ന് എടുത്തുമാറ്റപ്പെടുമോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) പൊതുടാപ്പുകളും ബി. പി. എൽ കുടുംബങ്ങൾക്കുള്ള സൗജന്യവും കമ്പനി നിഷേധിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കുടിവെള്ള വിതരണത്തിനായി സ്വകാര്യ കമ്പനികള്‍</u>

867 ശ്രീ. ഇ. ചന്ദ്രശേഖരന്‍
ശ്രീമതി ഗീതാ ഗോപി
ശ്രീ. ഇ. കെ. വിജയന്‍
ശ്രീമതി ഇ. എസ്. ബിജിമോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള വിതരണം സ്വകാര്യ കമ്പനികളെ ഏല്പിക്കുന്നതിന് തീരുമാനമുണ്ടോ;

(ബി) ഇത്തരത്തില്‍ സ്വകാര്യ കമ്പനികളെ ഏല്പിക്കുന്നത് പൊതു ടാപ്പുകളെ ആശ്രയിക്കുന്നവരേയും ബി. പി. എല്‍. ഉപഭോക്താക്കളെയും മറ്റ് കുടിവെള്ള ഉപഭോക്താക്കളെയും ബാധിക്കാന്‍ സാദ്ധ്യതയുണ്ടെന്ന വിവരം കണക്കിലെടുത്തിട്ടുണ്ടോ;

(സി) പ്രകൃതി വിഭവമായ ജലത്തെ ലാഭമുണ്ടാക്കാനുളള ഉല്പന്നമാക്കി, ഈ രംഗത്ത് കമ്പനികളെ കൊണ്ടുവരുന്നത് ഒഴിവാക്കാന്‍ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ജലവിതരണത്തിന് കമ്പനി</u>

868 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവന മേഖലയിലെ ജലവിതരണം, വെള്ളകമ്പനി രൂപീകരിക്കുകവഴി വ്യവസായ-കച്ചവട മേഖലയിലേയ്ക്ക് മാറ്റുകയെന്നത് നയപരമായ തീരുമാനമാണോ;

(ബി) വെള്ളകമ്പനിക്ക് ജനങ്ങൾക്ക് സൗജന്യ നിരക്കിൽ ജലവിതരണം നടത്താൻ കഴിയുമെന്ന് ഉറപ്പു നൽകാൻ കഴിയുമോ; എങ്കിൽ എങ്ങനെയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കുടിവെള്ളത്തിന്റെ സ്വകാര്യവത്കരണം</u>

869 ശ്രീമതി. കെ.എസ്.സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളത്തിന് സ്വകാര്യ കമ്പനി രൂപീകരിച്ച് ഭരണാനുമതി നൽകിയത് ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) എങ്കിൽ എത്രശതമാനം ഓഹരിയാണ് പ്രസ്തുത സ്വകാര്യ കമ്പനിക്ക് നൽകിയിട്ടുള്ളത്; സർക്കാരിനും, വാട്ടർ അതോറിറ്റിക്കും എത്ര ശതമാനം ഓഹരികളാണ് നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത തീരുമാനം, മൂലം കുടിവെള്ളത്തിന് വില വർദ്ധിക്കാൻ സാദ്ധ്യതയുണ്ടോ; വിശദമാക്കുമോ; സംസ്ഥാനത്ത് വീട്ടാവശ്യത്തിനുള്ള വെള്ളത്തിന് ലിറ്ററിന് 4 പൈസ എന്നത് വർദ്ധിപ്പിക്കുമോ;

(ഡി) പ്രസ്തുത സ്വകാര്യ കമ്പനി എപ്രകാരമുള്ള പ്രവർത്തനമാണ് നടത്താൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) രണ്ട് ലക്ഷത്തിലധികം വരുന്ന പൊതുടാപ്പ്, ബി.പി.എൽ കുടുംബങ്ങൾക്കുള്ള സൗജന്യ കുടിവെള്ളം എന്നിവ സ്വകാര്യ കമ്പനി വരുന്നതോടുകൂടി നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ടോ; വിശദമാക്കുമോ;

(എഫ്) കൊടും വരൾച്ച നേരിടുന്ന സംസ്ഥാനത്ത് 44 പുഴകളിൽ നിന്നും പ്രസ്തുത സ്വകാര്യ കമ്പനി വെള്ളം ഊറ്റിയെടുക്കാതിരിക്കാനും, കുഴൽകിണർ കുഴിക്കാതിരിക്കാനുമായി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>കുടിവെള്ള വിതരണത്തിലെ സ്വകാര്യ പങ്കാളിത്തം</u>

870 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള വിതരണത്തിന് സ്വകാര്യമേഖലയ്ക്ക് മുൻതൂക്കം നൽകി പുതിയ കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>കുടിവെള്ള വിതരണം സ്വകാര്യ കമ്പനിക്ക്</u>

871 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള വിതരണരംഗത്ത് സ്വകാര്യ കമ്പനിയെ കൊണ്ടുവരികയെന്നത് മുഖ്യമന്ത്രിയുടെ ഒരു വർഷത്തെ കർമ്മ പരിപാടിയിൽ പ്രഖ്യാപിച്ചിരുന്നോ;

(ബി) സ്വകാര്യ കമ്പനി വരുമ്പോൾ ലിറ്ററിന് ഒരു രൂപയായിരിക്കും ഈടാക്കുകയെന്ന് പത്ര സമ്മേളനത്തിൽ മുഖ്യമന്ത്രി പറഞ്ഞിരുന്നതായ പത്ര വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ നിലവിലുള്ള നിരക്കിന്റെ മുന്നൂറ് ഇരട്ടിയാണ് മുഖ്യമന്ത്രി പറഞ്ഞ തുകയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ വിഷയത്തിൽ ജലവിഭവ വകുപ്പിന്റെ നിലപാട് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>സ്വകാര്യ പങ്കാളിത്തമില്ലാതെ കുടിവെള്ള വിതരണത്തിന് നടപടി</u>

872 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍
,, എം. ഹംസ
,, എം. ചന്ദ്രന്‍
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളമൊട്ടാകെ കുടിവെള്ള വിതരണത്തിനും പദ്ധതി നിര്‍വ്വഹണത്തിനുമായി സിയാല്‍ മാതൃകയില്‍ ഒരു നോഡല്‍ ഏജന്‍സി രൂപീകരിച്ചത് സാധാരണക്കാരന് കുടിവെള്ളത്തിന് വലിയ വിലനല്‍കാന്‍ ഇടയാക്കുമെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; പൊതു ടാപ്പുകള്‍ നിര്‍ത്തലാക്കില്ലെന്ന് ഉറപ്പാക്കാന്‍ കഴിയുമോ; പ്രസ്തുത കമ്പനിയുടെ രൂപീകരണം വാട്ടര്‍ അതോറിറ്റിയെ എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കമ്പനി വില്ക്കുന്ന വിലയ്ക്കുതന്നെ വാട്ടര്‍ അതോറിറ്റിക്ക് വെള്ളം വില്‍ക്കാന്‍ അനുവാദം നല്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) സിയാല്‍ മോഡല്‍ കമ്പനിയെ വെള്ളം വില്‍ക്കാന്‍ അനുവദിക്കുന്ന നിരക്ക് വാട്ടര്‍ അതോറിറ്റിക്കനുവദിച്ചാല്‍ സ്വകാര്യപങ്കാളിത്തമില്ലാതെ തന്നെപദ്ധതി നടപ്പിലാക്കാമെന്ന വാട്ടര്‍ അതോറിറ്റിയുടെ നിര്‍ദ്ദേശം പരിഗണിക്കാതിരുന്നതിന്റെ കാരണം അറിയിക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

ജലശ്രീ ക്ലബ്ബുകൾ

873 ശ്രീ. വർക്കല കഹാർ
,, ആർ. സെൽവരാജ്
,, എം. പി. വിൻസെന്റ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ജലശ്രീ ക്ലബ്ബു'കളുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പുതിയ ജല സംസ്കാരം വളർത്തിയെടുക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) എവിടെയൊക്കെയാണ് ഇവയുടെ പ്രവർത്തനം നടത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) മികച്ച ജലസൗഹൃദ വിദ്യാലയത്തിന് പുരസ്കാരങ്ങൾ നൽകുന്നത് ആലോചിക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ജലശ്രീ പദ്ധതി</u>

874 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ജലശ്രീ' പദ്ധതി പ്രകാരം നടപ്പിലാക്കുന്ന 'ഒരു പഞ്ചായത്തിൽ ഒരു കുളം' എന്ന പദ്ധതിപ്രകാരം കൊല്ലം ജില്ലയിൽ ഏതൊക്കെ കുളങ്ങളാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുളളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ മറ്റ് വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട്</u>

875 ശ്രീ. വി. ഡി. സതീശൻ
,, ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) സുപ്രീം കോടതിയുടെ പരിസ്ഥിതി സംബന്ധമായ മേൽനോട്ട സമിതിയുടെ അംഗീകാരം നേടിയെടുക്കാൻ സംസ്ഥാന മുല്ലപ്പെരിയാർ സെൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പരിസ്ഥിതി ആഘാത പഠനത്തിന് കേന്ദ്ര വന്യജീവി ബോർഡിന്റെ അംഗീകാരത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ജപ്പാൻ കുടിവെള്ള പദ്ധതി</u>

876 ശ്രീ.എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ഇത് എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>വരൾച്ച നേരിടുന്നതിന് നടപടി</u>

877 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രൂക്ഷമായ വരൾച്ച നേരിടുന്നതിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്തൊക്കെ അടിയന്തിര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കാർഷിക ആവശ്യത്തിന് കുഴൽകിണർ കുഴിക്കുന്നതിന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ അപേക്ഷ നൽകിയിട്ടും ഇതുവരെ കുഴൽകിണർ കുഴിച്ച് നൽകപ്പെടാത്ത തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ ഗുണഭോക്താക്കളുടെ പേരുവിവരമടങ്ങുന്ന ലിസ്റ്റ് അപേക്ഷാ തീയതിയടക്കം ലഭ്യമാക്കുമോ;

(ഡി) കാർഷിക വിളകൾ വരൾച്ച കാരണം നശിക്കുന്നത് കണക്കിലെടുത്ത് ചെറുകിട നാമമാത്ര കർഷകർ കുഴൽകിണറിനായി നൽകിയ അപേക്ഷകളുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് അവ കുഴിച്ച് നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.02.2013–ലെ മറുപടിക്ക്

<u>കുടിവെള്ള ദൗർലഭ്യം</u>

878 ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള ദൗർലഭ്യം നേരിടുന്ന പ്രദേശങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ;

(ബി) കുടിവെള്ള ദൗർലഭ്യം നേരിടുന്ന മേഖലകളിൽ ശുദ്ധജലം എത്തിക്കുന്നതിന് നിലവിൽ എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(സി) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന കുടിവെള്ള ദൗർലഭ്യം ശാശ്വതമായി പരിഹരിക്കുന്നതിന് നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി ഇതര സ്രോതസ്സുകളിൽ നിന്ന് കുടിവെള്ളം ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>മഴ വെള്ളകൊയ്ത്ത്</u>

879 ശ്രീ. ജോസഫ് വാഴക്കൻ
,, ഹൈബി ഈഡൻ
,, കെ. ശിവദാസൻ നായർ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴവെള്ള കൊയ്ത്ത് ഊർജ്ജിതമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഇതിനായി മഴവെള്ള സംഭരണ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തീരുമാനമായിട്ടുണ്ടോ;വിശദമാക്കുമോ;

(സി) ഇതിനുള്ള പരിശീലനങ്ങൾ നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടത്തുവാനുദ്ദേശിക്കുന്നത്;

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിലെ ഒരു കുളം വീതം നവീകരിക്കുന്ന പദ്ധതി</u>

880 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ-പൊതുമേഖലകളിലായി എത്ര കുളങ്ങളും ജലാശയങ്ങളും ഉണ്ട് എന്ന വിവരം ലഭ്യമാക്കുമോ;

(ബി) പഞ്ചായത്തിലെ ഒരു കുളം വീതം നവീകരിക്കുന്നതിന് 2012-2013 വാർഷിക ബഡ്ജറ്റിൽ എന്തു തുക നീക്കിവച്ചിട്ടുണ്ട്;

(സി) പ്രസ്തുത തുകയിൽ നിന്നും എന്തു തുക ഇതുവരെ ചെലവഴിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം നവീകരിക്കുന്നതിന് കൊല്ലം ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത ജലസ്രോതസ്സുകളുടെയും അവ സ്ഥിതിചെയ്യുന്ന പഞ്ചായത്തുകളുടെയും പേരുവിവരവും നവീകരണത്തിന് അനുവദിച്ച തുകയും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>വെള്ളക്കരം ഇനത്തിൽ ജലവിഭവ വകുപ്പിന്</u>
<u>ലഭ്യമായ തുക</u>

881 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും 2011-2012 സാമ്പത്തിക വർഷം വെള്ളക്കരം ഇനത്തിൽ ജലവിഭവവകുപ്പിന് ലഭ്യമായ തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഗ്രാമപഞ്ചായത്തുകൾ നഗരസഭകൾ, കോർപ്പറേഷനുകൾ എന്നിവയുടെ തരംതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ഇടമലയാര്‍ ഇറിഗേഷന്‍ പദ്ധതി</u>

882 ശ്രീ. ജോസ് തെറ്റയില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇടമലയാര്‍ ഇറിഗേഷന്‍ പദ്ധതിയുടെ ഭാഗിക കമ്മീഷനിംഗിനായി പണി പൂര്‍ത്തീകരിക്കേണ്ട ചെയിനേജുകള്‍ ഏതെല്ലാമെന്നും പ്രസ്തുത പ്രവൃത്തികള്‍ക്കായി അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികള്‍ എന്നാണ് ടെണ്ടര്‍ ചെയ്തതെന്നും കരാര്‍ ആരാണ് ഏറ്റെടുത്തിട്ടുള്ളതെന്നും സംബന്ധിച്ച വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ;

(സി) കരാര്‍ പ്രകാരം പ്രസ്തുത പ്രവൃത്തികള്‍ എന്നാണ് പൂര്‍ത്തീകരിക്കേണ്ടിയിരുന്നതെന്നും എന്ന് പൂര്‍ത്തീകരിക്കാന്‍ കഴിയുമെന്നും കരാര്‍ പ്രകാരം പണിപൂര്‍ത്തീകരിക്കാത്തവര്‍ക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

ഡാമുകളിൽ നിന്നുള്ള മണൽ വാരൽ

883 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഡാമുകളിൽ മണലും, ചെളിയും അടിത്തട്ടിൽ അടഞ്ഞ് നിശ്ചയിച്ച വെള്ളം സംഭരിക്കാൻ കഴിയുന്നില്ല എന്ന്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മണൽ നിറഞ്ഞ് കിടക്കുന്ന ജല സംഭരണിയിൽ നിന്നും സർക്കാർ ഏജൻസികൾ മുഖേന മണൽ വാരി സർക്കാർ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കായംകുളം കായലിൽ കരിങ്കൽഭിത്തി</u>

884

ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിസ്ഥലങ്ങളിലേക്ക് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി കായംകുളം കായലിൽ കരിങ്കൽഭിത്തിയും റിംഗ് ബണ്ടും സ്ലൂയിസ് കം കൽവർട്ടുകളും നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ദേശീയ ജലപാതയിൽ നിന്നും കായംകുളം പട്ടണത്തിലേക്കുള്ള ഉപജലപാതയുടെ ആഴം വർദ്ധിപ്പിച്ച് ജലഗതാഗതം സുഗമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് കടൽഭിത്തി നിർമ്മാണം</u>

885 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ കടലാക്രമണം തടയുന്നതിനായി കടൽഭിത്തി നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് എവിടെയെല്ലാമാണ്; വിശദമാക്കുമോ;

(ബി) ഇവയുടെ ഇപ്പോഴത്തെ നിർമ്മാണഘട്ടം ഏതുവരെയായെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കടൽഭിത്തി നിർമ്മാണം</u>

886 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടൽഭിത്തി നിർമ്മിക്കുന്നതിന് 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള സ്ഥലങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) കടൽക്ഷോഭം അടിക്കടി ഉണ്ടാകുന്ന പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുവാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>അജാനൂരിലെ കടൽഭിത്തി നിർമ്മാണം</u>

887 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂർ കടപ്പുറത്ത് കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള ദർഘാസ് തുറന്നത് എന്നാണെന്ന് അറിയിക്കാമോ ;

(ബി) ഇതിന്റെ എസ്റ്റിമേറ്റ് എത്രയാണ്;

(സി) എത്ര കിലോമീറ്റർ ദൂരത്തിൽ കടൽഭിത്തി നിർമ്മിക്കാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് വ്യക്തമാക്കാമോ ;

(ഡി) കടൽഭിത്തി നിർമ്മാണം വൈകുന്നത് എന്തു കൊണ്ടാണെന്നും എപ്പോൾ പ്രവൃത്തി ആരംഭിക്കുമെന്നും അറിയിക്കാമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

നദീ സംരക്ഷണം

൦888 ശ്രീ. എം. പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നദികളുടെ സംരക്ഷണത്തിനായി നിലവില്‍ ഏതൊക്കെ പ്രോജക്ടുകളാണ് ഉള്ളത്;

(ബി) ഏതൊക്കെ ഏജന്‍സികള്‍ വഴിയാണ് പ്രസ്തുത പദ്ധതികള്‍ നടപ്പിലാക്കുന്നത്;

(സി) കേന്ദ്ര സര്‍ക്കാരിന്റെ സഹായത്തോടെ ഏതൊക്കെ നദീ സംരക്ഷണ പ്രോജക്ടുകളാണ് നടപ്പിലാക്കുന്നത്; വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>നദികളുടെ പുനരുദ്ധാരണത്തിനും വികസന പ്രവർത്തനങ്ങൾക്കുമുള്ള പദ്ധതികൾ</u>

889 ശ്രീ. ബെന്നി ബെഹനാൻ
,, എം. എ. വാഹീദ്
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നദികളുടെ പുനരുദ്ധാരണത്തിനും വികസന പ്രവർത്തനങ്ങൾക്കുമുള്ള പദ്ധതി തയ്യാറാക്കി, അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) സംസ്ഥാനത്തെ ഏതെല്ലാം പ്രധാന നദികളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) നദികളെ മാലിന്യമുക്തമാക്കുന്നതിനും ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും ഫലപ്രദമായ വിനിയോഗത്തിനും പദ്ധതിയിൽ മുൻഗണന നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>ഭാരതപ്പുഴ തീരസംരക്ഷണം</u>

890 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴ തീരസംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ബി) ഭാരതപ്പുഴ തീരസംരക്ഷണത്തിനായി എത്ര രൂപയുടെ പ്രോജക്ടിനാണ് അംഗീകാരം നൽകിയത്; ഏത് ഏജൻസിയാണ് പ്രോജക്ട് സമർപ്പിച്ചത്;

(സി) ഒറ്റപ്പാലം താലൂക്കിലെയും പരിസരപ്രദേശങ്ങളിലേയും ജനങ്ങളുടെ ഏറ്റവും വലിയ ജലസ്രോതസ്സായ ഭാരതപ്പുഴ സംരക്ഷിക്കേണ്ട ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നദീതീരം സംരക്ഷിക്കാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ; ഇതിനായി നാളിതുവരെ സ്വീകരിച്ച അടിയന്തിര നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>ചാലിയാർ നദീതട അതോറിറ്റി</u>

891 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നദികളുടെ സംരക്ഷണത്തിന് നദീതട അതോറിറ്റികളുടെ രൂപീകരണം ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ചാലിയാർ പുഴയുടെ സംരക്ഷണത്തിന് ചാലിയാർ നദീതട അതോറിറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ചാലക്കുടി മണ്ഡലത്തിലെ കപ്പത്തോട് സംരക്ഷണം</u>

892 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കോടശ്ശേരി, പരിയാരം ഗ്രാമ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന കപ്പത്തോട് ആർ.എ.ഡി.എഫ്.-18 പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം</u>

893 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നീലേശ്വരം മുൻസിപ്പാലിറ്റിയെ കയ്യൂർ - ചീമേനിയുമായി ബന്ധിപ്പിക്കുന്ന പാലായി വളവിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം എപ്പോൾ ആരംഭിക്കും എന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>തീരദേശ കരയിടിച്ചിൽ</u>

894 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തീരദേശ മേഖലയിൽ വ്യാപകമായ കരയിടിച്ചിൽ നേരിടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) കൊറ്റി-കോട്ടപ്പുറം ബോട്ട് റൂട്ടിലെ കരയിടിച്ചിൽ നേരിടാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

പൊന്നാനിയിൽ കടൽക്ഷോഭ ഭീഷണി
നേരിടുന്നതിന് പദ്ധതി

895 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനിയിൽ കടൽഭിത്തിയില്ലാത്ത ജീലാനി നഗർ പ്രദേശം കടൽക്ഷോഭ ഭീഷണി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിക്ക് ആവശ്യമായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

പി. ഐ. പി. യുടെ വക ഭൂമി വിട്ടു നല്കിയുള്ള റാന്നിയിലെ വികസന പ്രവർത്തനങ്ങൾ

896 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി ഗവൺമെന്റ് ഐ. ടി. ഐ. യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് പി. ഐ. പി. വക റാന്നി ഉതിമൂട്ടിലെ വസ്തു വിട്ടു നൽകണമെന്നാവശ്യപ്പെട്ട് റാന്നി എം. എൽ. എ. എന്നാണ് നിവേദനം നൽകിയത്.

(ബി) പ്രസ്തുത നിവേദനത്തിന്മേൽ നടപടി എടുക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയത്; തീയതിയും ഫയൽ നമ്പരും ലഭ്യമാക്കാമോ;

(സി) ഇത് സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ട് സെക്ഷനാഫീസിൽ എന്നാണ് കത്ത് ലഭിക്കുന്നത്; കോപ്പി ഹാജരാക്കാമോ;

(ഡി) ഇവിടെ നിന്നും അയച്ച റിപ്പോർട്ടും കത്തും ഏതൊക്കെ മേൽ ആഫീസ് വഴിയാണ് എത്തിയിട്ടുളളതെന്ന് ഓരോ ആഫീസിലെ ഫയൽ നമ്പരും തീയതിയും അയച്ച തീയതിയും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ;

(ഇ) ഇപ്പോൾ ഇതു സംബന്ധിച്ച ഫയൽ ആരുടെ പക്കലാണുളളത്;

(എഫ്) പ്രസ്തുത റിപ്പോർട്ട് യഥാസമയം നൽകുന്നതിനുണ്ടായ കാലതാമസം ഏതുദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുമുണ്ടായ വീഴ്ചമൂലമാണ്; പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ്തല നടപടി എടുക്കാൻ തയ്യാറാകുമോ;

(ജി) റാന്നി അയിരൂരിൽ സ്ഥാപിക്കുന്ന ഐ. എച്ച്. ആർ. ഡി. യുടെ അപ്ലൈഡ് സയൻസ് കോളേജിനായി പി. ഐ. പി. യുടെ അയിരൂരിലുളള വസ്തു വിട്ടുനൽകണമെന്നാവശ്യപ്പെട്ട് റാന്നി എം. എൽ. എ. എന്നാണ് നിവേദനം നൽകിയിത്;

## കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

(എച്ച്) അങ്ങയുടെ ആഫീസിൽ നിന്നും എന്നാണ് കത്ത് നടപടികൾക്കായി ബന്ധപ്പെട്ട വകുപ്പിലേക്ക് അയച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഐ) ഇതിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ട് ചീഫ് എഞ്ചിനീയർ പ്രോക്ട് II , സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയ, അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയവരുടെ ഓഫീസുകളിൽ നടത്തിയ കത്തിടപാടുകളുടെയും റിപ്പോർട്ട് തിരികെ അയച്ചുകൊടുത്തിട്ടുള്ളതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ജെ) പ്രസ്തുത റിപ്പോർട്ട് എന്നാണ് ലഭിച്ചത്;

(കെ) പ്രസ്തുത ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത്; ഇതിന്മേൽ സ്വീകരിച്ച നടപടി എന്തൊക്കെ എന്നു വിശദമാക്കുമോ;

(എൽ) റാന്നി ഗവൺമെന്റ് ഐ.ടി.ഐ. യ്ക്കും അയിരൂരിലെ അപ്ലൈഡ് കോളേജിനും പി.ഐ.പി. വക ഭൂമി വിട്ടുനൽകാനുള്ള ഫയലിൽ അടിയന്തിരമായി തീരുമാനം കൈക്കൊള്ളാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>പെരിങ്ങൽകുത്ത് എച്ച്.ഇ.പി. യെ ബേസ് സ്റ്റേഷനാക്കി മാറ്റാൻ നടപടി</u>

897 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി ജലസേചന പദ്ധതിയിലുൾപ്പെടുന്ന മുഴുവൻ പ്രദേശങ്ങളിലും ജലം ലഭ്യമാക്കുന്നതിനായി പെരിങ്ങൽകുത്ത് എച്ച്.ഇ.പി. യെ ബേസ് സ്റ്റേഷനാക്കി മാറ്റി മുഴുവൻ സമയ ജനറേഷൻ നടപ്പിലാക്കണം എന്ന ആവശ്യം പരിഗണനയിലുണ്ടോ; ഇതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>വെള്ളപ്പൊക്കക്കെടുതികൾ</u>

898 ഡോ. കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 ബഡ്ജറ്റിൽ വെള്ളപ്പൊക്ക കെടുതികളുടെ അറ്റകുറ്റപ്പണികൾക്ക് എത്ര തുകയാണ് നീക്കിവെച്ചത്;

(ബി) അതിൽ എത്ര തുക ചെലവഴിച്ചുയെന്ന് ; വ്യക്തമാക്കുമോ;

(സി) എത്ര പ്രവൃത്തികളാണ് പൂർത്തിയാക്കിയത് എന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ;

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ബേപ്പൂരിലെ ജലസംരക്ഷണ നടപടികൾ</u>

899 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിലെ കടലുണ്ടി, ഫറോക്ക് പഞ്ചായത്തുകളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്ന വി. സി. ബിയ്ക്കും പുഴയോര സംരക്ഷണത്തിനും നടപടി സ്വീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുരുകല്ലിങ്ങൽ, കൊടപ്പുറം, പൂളക്കൽച്ചിറ ചെറുമാടുമ്പൽ - പുറ്റക്കാട്, പാണ്ടിപ്പാടം എന്നിവിടങ്ങളിലേയ്ക്കും പ്രസ്തുത പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത പ്രൊപ്പോസൽ നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>ജലവിതരണ സംവിധാനത്തിലെ ന്യൂനതകൾ</u>

900 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവിതരണം നടത്തുന്നതിന് കൊച്ചിൻ കമ്പനി മാതൃകയിലുള്ള പുതിയ കമ്പനി രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) നിലവിലെ ജലവിതരണ സംവിധാനത്തിലെ ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ന്യൂനതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>ഭരണിക്കാവ് ശുദ്ധജല വിതരണ പദ്ധതി</u>

901 ശ്രീ. സി.കെ.സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി മണ്ഡലത്തിലെ ഭരണിക്കാവ് ശുദ്ധജല വിതരണ പദ്ധതിയുടെ നിലവിലുളള അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന എല്ലാ പ്രവൃത്തികളും നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) 2013-2014 ബഡ്ജറ്റിൽ പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിനാവശ്യമായ ഫണ്ട് വകയിരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കായംകുളം മണ്ഡലത്തിലെ ഇറിഗേഷൻ, വാട്ടർ അതോറിറ്റി പ്രവൃത്തികൾ</u>

902 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010-2011, 2011-2012 സാമ്പത്തിക വർഷങ്ങളിൽ കായംകുളം മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ്, കേരള വാട്ടർ അതോറിറ്റി എന്നിവ മുഖേന നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്;

(ബി) ഓരോന്നിനും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാം;

(ഡി) നിർമ്മാണം നടന്നുവരുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയും; വിശദമാക്കുമോ;

(ഇ) നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഏതൊക്കെ; കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>ജിഡ,ഫിഷറീസ് ഫണ്ടുകൾ ഉപയോഗിച്ച് നടന്നുവരുന്ന ശുദ്ധജലവിതരണ പ്രവൃത്തികൾ</u>

903 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ജിഡ, ഫിഷറീസ് ഫണ്ടുകൾ ഉപയോഗിച്ച് നടന്നുവരുന്ന ശുദ്ധജലവിതരണ പ്രവൃത്തികൾ സമയബന്ധിതമായി മുൻ നിശ്ചയപ്രകാരം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ഗുരുവായൂർ മുൻസിപ്പൽ പ്രദേശത്തെ കുടിവെള്ള വിതരണ പദ്ധതി</u>

904 ശ്രീ. പി. എ. മാധവൻ.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മുൻസിപ്പൽ പ്രദേശത്തെ മാലിന്യ നിർമ്മാർജനത്തിനും കുടിവെള്ളവിതരണത്തിനും എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്;

(ബി) പുതുതായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കുടിവെള്ളം സൗജന്യമായി ലഭ്യമാക്കൽ</u>

905 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ കുടിവെള്ള പദ്ധതികളിൽ ദരിദ്രരും പട്ടികജാതി/പട്ടികവർഗ്ഗക്കാരും പണമടയ്ക്കാൻ നിർബന്ധിതരാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രാമപഞ്ചായത്തിന് അനുവദിക്കപ്പെട്ട സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് വാട്ടർ അതോറിറ്റി നടത്തിയിരുന്ന പ്രസ്തുത പദ്ധതികളിൽനിന്ന് ദരിദ്ര ജനവിഭാഗങ്ങൾക്ക് സൗജന്യമായി കുടിവെള്ളം ലഭിച്ചിരുന്ന സാഹചര്യം പുന:സ്ഥാപിക്കാൻ നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കുടിവെള്ളവിതരണം സംബന്ധിച്ച പരാതികൾ</u>

906 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വരൾച്ച സമയത്ത് കുടിവെള്ള വിതരണത്തിന്റെ മറവിൽ ജനപ്രതിനിധികളും കരാറുകാരും റവന്യൂ ഉദ്യോഗസ്ഥരും അടങ്ങുന്ന കുടിവെള്ള മാഫിയ വൻതുക നേടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അരുവിക്കര ജലസംഭരണിയിൽ നിന്നും 165 രൂപയ്ക്ക് വിതരണം ചെയ്യുന്ന ഒരു ടാങ്കർ വെള്ളം തൊട്ടടുത്ത പഞ്ചായത്തുകളിൽ 4500/- രൂപയ്ക്കാണ് കരാറുകാർ വിതരണം ചെയ്തതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പഞ്ചായത്തുകളിൽ വിതരണം ചെയ്യാറുള്ള കുടിവെള്ളം നഗരത്തിലെ വൻകിട കെട്ടിട നിർമ്മാണ സ്ഥലങ്ങളിൽ എത്തിച്ച് കരാറുകാർ തട്ടിപ്പുനടത്തിയതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അന്വേഷണത്തിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

കൃഷിക്കും, കുടിവെള്ളത്തിനുമുള്ള സൗകര്യം ഏര്‍പ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി

907 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ജലക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; എങ്കില്‍ വിശദാംശം നല്‍കുമോ ;

(ബി) ജില്ലാ അടിസ്ഥാനത്തില്‍ കൃഷിയ്ക്കും, കുടിവെള്ളത്തിനുമുള്ള സൗകര്യം ഏര്‍പ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നല്‍കുമോ ;

(സി) ഇതിനായി പ്രത്യേക പാക്കേജ് പരിഗണനയിലുണ്ടോ ; എങ്കില്‍ വിശദാംശം നല്‍കുമോ ;

(ഡി) ചെറുകിട ജലസേചനം, കുടിവെള്ളവിതരണം, ജലസംരക്ഷണം എന്നിവയ്ക്കായി സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം നല്‍കുമോ ; സമയബന്ധിതമായി ഇവ നടപ്പിലാക്കുമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>വെളിനല്ലൂർ ശുദ്ധജല വിതരണ പദ്ധതി</u>

908 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വെളിനല്ലൂർ ശുദ്ധജല വിതരണ പദ്ധതിയിലൂടെ ജലവിതരണം സുഗമമാക്കുന്നതിന് പുതിയ പമ്പുസെറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

ഭൂഗർഭ ജലചൂഷണം തടയാൻ നടപടി

909 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭൂഗർഭജലചൂഷണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) ബോട്ടിലിംഗ് പ്ലാന്റ് പോലുള്ള വ്യവസായങ്ങൾക്ക് അനുമതി നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കേരളം മരുഭൂമിയാകുന്നതു തടയാൻ നടപടി</u>

910 ശ്രീ. സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളം മരുഭൂമിയാകുകയാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് നേരിടാനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വനം, റവന്യൂ, പഞ്ചായത്ത് എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ഇതിനുള്ള പരിഹാര നടപടികൾ സ്വീകരിക്കുവാൻ ആലോചിക്കുന്നുണ്ടോ;

(ഡി) എങ്കിൽ അത് എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>വെറ്റ് ലാന്റ് അതോറിറ്റി</u>

911 ശ്രീ. ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെറ്റ്ലാന്റ് അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്:

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>അനധികൃത വെള്ളമൂറ്റൽ</u>

912 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ച മൂലം ദുരിതമനുഭവിക്കുന്നതിനിടയിലും സംസ്ഥാനത്ത് നദികളുടെ സമീപങ്ങളിലുള്ള തോട്ടമുടമകൾ അനധികൃതമായി വെള്ളമൂറ്റുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ജലവൈദ്യുതി പദ്ധതികൾക്ക് ഭീക്ഷണി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രധാന നദികളിൽ, വെള്ളമൂറ്റൽ കാരണം ഉണ്ടാകുന്ന ഭീക്ഷണി നേരിടാൻ കർശന നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>കുഴൽ കിണറുകൾ നിർമ്മിക്കുന്നതിനുള്ള മാനദണ്ഡം</u>

913 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുഴൽ കിണറുകൾ കുഴിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കേണ്ടതെന്ന് വിശദമാക്കാമോ;

(ബി) കുഴൽ കിണറുകൾ നിർമ്മിക്കുന്നതിന് പ്രസ്തുത നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ടോ;

(സി) പ്രസ്തുത നിബന്ധനകൾ പാലിച്ച് ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കുഴൽ കിണറുകൾ കുഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കുഴൽക്കിണറുകളുടെ സുരക്ഷ</u>

914 ശ്രീ. കെ.എൻ.എ.ഖാദർ
,, റ്റി.എ. അഹമ്മദ് കബീർ
,, കെ.മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപയോഗശൂന്യമായ കുഴൽക്കിണറുകളിൽ കുട്ടികൾ വീണ് ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുവാൻ എന്തൊക്കെ മുൻ കരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഉപയോഗശൂന്യമായതും, അപകടമുണ്ടാകാൻ ഇടയുള്ളതുമായ കുഴൽക്കിണറുകൾ കണ്ടെത്താൻ പരിശോധനകൾ നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ പരിശോധനയിലെ കണ്ടെത്തലുകൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

**കിളിമാനൂർ ഗ്രാമപഞ്ചായത്തിൽ കുഴൽകിണർ നിർമ്മാണ പദ്ധതി**

915 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളത്തിന് മറ്റു മാർഗ്ഗമൊന്നുമില്ലാത്തവർക്ക് കുഴൽക്കിണർ നിർമ്മിച്ച് നൽകുന്ന പദ്ധതി പ്രകാരം കിളിമാനൂർ ഗ്രാമപഞ്ചായത്ത് ഭൂജല വകുപ്പിന് എന്തു തുക അടച്ചുവെന്ന് വ്യക്തമാക്കാമോ ; തുക അടച്ച തീയതിയും പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയും വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്നതിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥൻ ആരാണെന്നറിയിക്കുമോ ;

(സി) പ്രസ്തുത പ്രദേശത്ത് കുടിവെള്ളക്ഷാമം രൂക്ഷമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പദ്ധതി വൈകിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കാമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ</u>

916 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം രൂക്ഷമായ വരൾച്ച നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വരൾച്ചയുടെ കാഠിന്യം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന ജില്ലയാണ് പാലക്കാട് എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ജലവിഭവ വുകപ്പും റവന്യൂ വകുപ്പും സംയുക്തമായി എന്തെല്ലാം പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഓരോ ജില്ലാ കളക്ടർമാർക്കും എത്ര ഫണ്ട് വീതം അനുവദിച്ചിട്ടുണ്ട്; ജില്ലാ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ അടിയന്തിരമായി ചെയ്തു തീർക്കുന്നതിനാണ് നിർദേശം നൽകിയിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

ഇടുക്കിയിലെ ജലദൗർലഭ്യം

917 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി കടുത്ത വരൾച്ചയിലേയ്ക്ക് നീങ്ങുമ്പോഴും പാമ്പാർ നദിയിൽ നിന്ന് കേരളത്തിന് ലഭിക്കേണ്ടുന്ന 3 ടി.എം.സി. ജലം നേടിയെടുക്കാൻ പദ്ധതി നടപ്പാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) മറയൂർ, കാന്തല്ലൂർ, വട്ടവട, മൂന്നാർ വില്ലേജുകൾ ഉൾപ്പെടുന്ന മഴനിഴൽ പ്രദേശത്തെ ശുദ്ധജലവിതരണത്തിനും കാർഷികാവശ്യത്തിനും ജലസേചനത്തിനും പാമ്പാറിലെ ജലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) കാവേരി ട്രൈബ്യൂണൽ വിധി പ്രകാരമുള്ള വെള്ളം കേരളത്തിന് ലഭ്യമാക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

അയേൺ റിമൂവൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനു നടപടി

918 ശ്രീ. എം.വി.ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില പ്രദേശങ്ങളിൽ ലഭ്യമാകുന്ന കുടിവെളളത്തിൽ അനുവദനീയമായ തോതിൽ കൂടുതൽ ഇരുമ്പിന്റെ അംശം കണ്ടെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് ജില്ല തിരിച്ചുളള കണക്ക് ലഭ്യമാക്കുമോ;

(ബി) കുടിവെളളത്തിൽ കണ്ടെത്തിയ ഇരുമ്പിന്റെ അംശം നീക്കം ചെയ്യുന്നതിനും കുടിവെളളം ശുദ്ധീകരിക്കുന്നതിനുമായി അയേൺ റിമൂവൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനു നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

**കേരള വാട്ടർ അതോറിറ്റിയിൽ സ്ഥലമാറ്റമാനദണ്ഡങ്ങൾ**

919 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്ത് അംഗീകരിച്ച സ്ഥലം മാറ്റ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി</u>

920 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ നടപ്പിലാക്കി വരുന്ന പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിക്കായി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>കുടിവെള്ള പദ്ധതി</u>

921 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂറനാട് പാറൂർ കുടിവെള്ള പദ്ധതി അടിയന്തിരമായി പൂർത്തികരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പാലമേൽ പഞ്ചായത്തിന്റെ കുടിവെള്ള പ്രശ്നത്തിനു പരിഹാരം കാണുവാൻ 5 കോടി രൂപയുടെ പദ്ധതി നിലവിലുണ്ടോ; എങ്കിൽ എന്ന് ടെൻഡർ നടപടി പൂർത്തീകരിക്കും;

(സി) പി.ഐ.പി, കെ.ഐ.പി കനാലുകൾ തുറക്കാത്തത് കൃഷിയേയും , കുടിവെള്ളത്തേയും ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കനാലുകൾ തുറന്നുവിടുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

കാക്കടവിലെ ജലപദ്ധതി

922 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാക്കടവിൽ സ്ഥിരം തടയണ നിർമ്മിച്ച് നേവൽ അക്കാദമി, സി.ആർ.പി.എഫ്. എന്നിവയ്ക്ക് യഥേഷ്ടം വെള്ളം കിട്ടുന്നതിനായുള്ള പദ്ധതിക്ക് അനുമതി ലഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ജലനിധി പദ്ധതി</u>

923 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കാക്കൂർ പഞ്ചായത്തിനെ ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്തിന്റെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ എന്തുനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

കോട്ടൂർ ഗ്രാമ പഞ്ചായത്തിൽ ജലനിധി

924 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കോട്ടൂർ ഗ്രാമ പഞ്ചായത്തിൽ ജലനിധി പദ്ധതി നടപ്പാക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) കോട്ടൂർ ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതി അനുവദിക്കുന്നതിന് നിർദ്ദേശം നൽകാമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>മീനാട് ശുദ്ധജലവിതരണ പദ്ധതി</u>

925 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഭാഗികമായി കമ്മീഷൻ ചെയ്ത മീനാട് ശുദ്ധജലവിതരണ പദ്ധതി ഉപയോഗപ്പെടുത്തുവാൻ സന്നദ്ധമാകുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുന്ന നടപടി വേഗത്തിലാക്കുവാനും കൂടുതൽ ജനങ്ങൾക്ക് കണക്ഷൻ നൽകുവാനും കർശന നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ;

(സി) നിലവിലുള്ള പഴയ ജലസംഭരണികളിൽ ജപ്പാൻകുടിവെള്ള പദ്ധതിപ്രകാരമുള്ള ജലം സംഭരിക്കുവാൻ ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>ചിതറ കുടിവെള്ളപദ്ധതി നവീകരണം</u>

926 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചിതറ കുടിവെള്ളപദ്ധതി നവീകരിക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ പദ്ധതി നടപ്പിൽ വരുത്തുന്നതിന് സത്വരനടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>പലകപാണ്ടി പദ്ധതി</u>

927 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ പലകപാണ്ടി പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് തീരുമാനിച്ചിരുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പണികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും;

(ഡി) പ്രസ്തുത പദ്ധതി ഏത് മാസം കമ്മിഷൻ ചെയ്യാൻ കഴിയുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>മൂവാറ്റുപുഴ ഇറിഗേഷൻ പ്രോജക്ട്</u>

928 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കമാന്റ് ഏരിയ വികസന അതോറിറ്റിയുടെ ഭാഗമായി മൂവാറ്റുപുഴ ഇറിഗേഷൻ പ്രോജക്ടിൽ 2011-12 കാലയളവിൽ ഏതെല്ലാം കേന്ദ്രാവിഷ്കൃത പ്രവൃത്തികളാണ് ആസൂത്രണം ചെയ്തിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുവരെ എത്ര പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

നേമം ജഡ്ജിക്കുന്ന് ശുദ്ധജലവിതരണ പദ്ധതി

929 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ പുഞ്ചക്കരി, പൂങ്കുളം, തിരുവല്ലം, വെള്ളാർ വാർഡുകളിലെ കുടിവെള്ള വിതരണത്തിനായി നിർമ്മിച്ച ജഡ്ജിക്കുന്ന് ശുദ്ധജലവിതരണ പദ്ധതി കമ്മീഷൻ ചെയ്യാനുണ്ടായ കാലതാമസം വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിനായി സർക്കാർ ചുമതലയേൽപ്പിച്ചിരിക്കുന്ന ഏജൻസികൾ ഏതൊക്കെയാണെന്നു വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്ന് കമ്മീഷൻ ചെയ്യും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>വെസ്റ്റ് എളേരി കുടിവെള്ളപദ്ധതി</u>

930 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വെസ്റ്റ് എളേരി (ഭീമനടി) കുടിവെള്ളപദ്ധതിയുടെ പൈപ്പ്ലൈൻ നീട്ടുന്ന പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കുട്ടനാട്ടിലെ ഇറിഗേഷൻ പ്രവൃത്തികൾ</u>

931 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ട് നിയോജകമണ്ഡലത്തിലെ മേജർ/മൈനർ ഇറിഗേഷൻ വകുപ്പു മുഖാന്തിരം ഏതെല്ലാം പ്രവൃത്തികൾക്കാണ് 2012-13 ൽ സാമ്പത്തികാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ആരുടെ ശുപാർശ പ്രകാരമാണ് സാമ്പത്തിക അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) എം.എൽ.എ മുഖാന്തിരം സമർപ്പിച്ച ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ടെന്നും നൽകാനുണ്ടെന്നും പട്ടിക തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>പഴശ്ശി ഇറിഗേഷൻ പ്രോജക്ട്</u>

932 ശ്രീ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഴശ്ശി ഇറിഗേഷൻ പ്രോജക്ടിൽ 2011-12 കാലയളവിൽ ഏതെല്ലാം കേന്ദ്രാവിഷ്കൃത പ്രവർത്തികളാണ് ആസൂത്രണം ചെയ്തിരുന്നത്;

(ബി) എന്തു തുകയാണ് അവയ്ക്ക് അനുവദിച്ചിരുന്നത്; വ്യക്തമാക്കുമോ;

(സി) ഇതുവരെ എത്ര പ്രവൃത്തികളാണ് പൂർത്തിയാക്കിയത്; അതിനായി എത്ര തുക ചെലവായി; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

## മലപ്പുറം ജില്ലയിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ

933

### ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മലപ്പുറം ജില്ലയിൽ മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന ഓരോ നിയോജക മണ്ഡലത്തിലും ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇവയിൽ ഭരണാനുമതി ലഭിച്ചതും പൂർത്തിയായതുമായവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

വൈപ്പിന്‍ മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി

934 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

വൈപ്പിന്‍ മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള കുളം, കിണര്‍ എന്നിവ വൃത്തിയാക്കുന്നതിനും, പരിപാലിക്കുന്നതിനും സ്വീകരിച്ച നടപടികള്‍ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ആവശ്യത്തിലേക്ക് വരള്‍ച്ചാ ദുരിതാശ്വാസ ഫണ്ടില്‍ നിന്നും തുക അനുവദിക്കുവാന്‍ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**07.02.2013-ലെ മറുപടിക്ക്**

<u>കുട്ടനാട് മണ്ഡലത്തിലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതി</u>

935 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജക മണ്ഡലത്തിൽ 2011-2012 സാമ്പത്തിക വർഷത്തിലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) അവ പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>സബ്ബ് ചെയ്നുകൾ</u>

936 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കേരളാ വാട്ടർ അതോറിറ്റി സബ്ബ് ചെയ്നുകൾ സ്ഥാപിക്കുന്നതിനായി തനതു ഫണ്ടിൽ എത്ര രൂപ 2006 മുതൽ വകയിരുത്തിയെന്നും എത്ര രൂപ പ്രതിവർഷം ചെലവഴിച്ചുവെന്നും വിശദമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും ആരിൽ നിന്നാണ് അപേക്ഷ ലഭിച്ചതെന്നും എത്ര രൂപയാണ് ചെലവഴിച്ചതെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതി</u>

937 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ളപദ്ധതിയുടെ പ്രവൃത്തി എന്നാണ് ആരംഭിച്ചതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദമാക്കുമോ ;

(സി) എന്നു മുതൽക്കാണ് കുടിവെള്ളവിതരണം നടത്തുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ആയതിന് കാലതാമസം നേരിടുവാനുണ്ടായ കാരണം വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

ബ്ലൂ ബ്രിഗേഡ് സംവിധാനം

938 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കേരളാ വാട്ടർ അതോറിറ്റിയുടെ കീഴിൽ 'ബ്ലൂ ബ്രിഗേഡ്' സംവിധാനം എന്നാണ് ആരംഭിച്ചതെന്നും പ്രസ്തുത സംവിധാനം എന്തെല്ലാം പ്രവൃത്തികളാണ് നടത്തുന്നതെന്നും വിശദമാക്കുമോ;

(ബി) ആയതിന്റെ ഘടന എന്താണെന്ന് വിശദമാക്കുമോ:

(സി) പ്രസ്തുത സംവിധാനം ഇപ്പോൾ പ്രവർത്തിക്കുന്നില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ഇടച്ചാക്കൈ അണക്കെട്ട്</u>

939 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഇടച്ചാക്കൈ അണക്കെട്ടിന്റെ അറ്റകുറ്റപ്പണി സംബന്ധിച്ച നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കായംകുളം മണ്ഡലത്തിലെ കുടിവെള്ള വിതരണം</u>

940 ശ്രീ. സി.കെ.സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിലേക്ക് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കായംകുളം നഗരസഭയിൽ ശുദ്ധജല വിതരണത്തിനായി സ്ഥാപിച്ചിട്ടുള്ള കാലപ്പഴക്കം ചെന്ന പൈപ്പുലൈനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>ചേർത്തല എ. എസ്. കനാൽ</u>

941 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല എ. എസ്. കനാൽ ശുദ്ധീകരിക്കുന്നതിനും നവീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മാലിന്യ നിക്ഷേപം പകർച്ചവ്യാധികൾക്ക് കാരണമാകുന്നതിനാൽ പ്രസ്തുത കനാൽ ശുദ്ധീകരിക്കുന്നതിനും തീരങ്ങൾ സൗന്ദര്യവൽക്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>വടകര-മാഹി കനാൽ</u>

942 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതയുടെ ഭാഗമായ വടകര-മാഹി കനാലിന്റെ ദൂരവും കനാൽ കടന്നുപോകുന്ന സ്ഥലങ്ങളെയും സംബന്ധിച്ച് വിശദമാക്കാമോ;

(ബി) കനാലിന്റെ ഇരുവശങ്ങളിലും റോഡ് നിർമ്മിക്കാനുദ്ദേശമുണ്ടോ; കനാലിന്റെ നിലവിലുള്ള വീതി എത്ര മീറ്ററായി എല്ലായിടത്തും ക്രമപ്പെടുത്താനാണ് ഉദ്ദേശിക്കുന്നു;

(സി) കനാൽ വികസനവുമായി ബന്ധപ്പെട്ട് ടെണ്ടർ വിളിച്ച വർക്കുകൾ കനാലിന്റെ എത്ര ദൂരം വരെയുണ്ട്; നിർദ്ദേശിക്കപ്പെട്ട വർക്കുകൾ എന്തൊക്കെയാണ്; എവിടെ നിന്നും ആരംഭിച്ച് എവിടെവരെ നിർമ്മാണം നടത്തും; അവശേഷിക്കുന്ന വർക്കുകൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വടകര-മാഹി കനാലിന്റെ ഏതെങ്കിലും ഒരു വശത്ത് കൂടിയുള്ള റോഡ് ഗതാഗത യോഗ്യമാക്കൽ പദ്ധതിയുടെ ഭാഗമാണോ; അല്ലെങ്കിൽ ഉൾപ്പെടുത്താമോ; റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി കനാലിന്റെ ഭാഗമായി നിലവിൽ ഉണ്ടോ; എങ്കിൽ വീതി എത്ര; വിശദമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>വടകര- മാഹികനാൽ</u>

943 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകര- മാഹി കനാൽ നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ ഏതുവരെയായി;

(ബി) ആദ്യഘട്ടത്തിൽ എത്ര ദൂരത്തിലാണ് കനാൽ നിർമ്മാണം നടത്തുന്നത്;

(സി) ആവശ്യമായ സ്ഥലങ്ങളിൽ പാലം നിർമ്മിക്കുന്നതിനുള്ള ഫണ്ട് ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>കുറ്റ്യാടി കനാൽ റിപ്പയർ</u>

944 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ കനാലുകളിൽ കുറ്റ്യാടി മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കനാലുകളുടെ റിപ്പയറിംഗിന് ബജറ്റ് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം ഭാഗത്തേയ്ക്ക് എത്ര തുകയ്ക്കുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ സമർപ്പിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) കുറ്റ്യാടി മണ്ഡലത്തിന് പുറത്തുവരുന്ന ഭാഗങ്ങളിൽ എത്ര തുകയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചുവെന്ന് വ്യക്തമാക്കുമോ?